കയറ്റുമതിക്കാരിൽ നിന്നും ക്രയവിലസ്ഥിരത പദ്ധതി പ്രകാരം ഓർഡറുകൾ സ്വീകരിച്ച് അവ ചെറുകിട ഉൽപ്പാദകസംഘങ്ങൾക്ക് വീതിച്ചു നൽകുകയും കയർ കോർപ്പറേഷൻ മുഖാന്തിരം ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 7.50% റിബേറ്റും അനുവദിച്ചുവരുന്നു.

കയർ ഉൽപ്പന്നങ്ങളുടെ ഗാർഹിക ഉപയോഗം വർദ്ധിപ്പിക്കാൻ പദ്ധതി

41 (4096) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ ഉൽപ്പന്നങ്ങളുടെ ഗാർഹിക ഉപയോഗം വർദ്ധിപ്പിക്കാനായി ഏതൊക്കെ പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന തണ്ണീർത്തടവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ജിയോ ടെക്സ്റ്റയിൽസ് ഒരു നിർമ്മാണോൽപ്പന്നമായി അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഇതുവഴി കയർ മേഖലയുടെ വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2009 ഓണക്കാലയളവിൽ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പദ്ധതി 2010 ഓണക്കാലയളവിലും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കയർഫെഡിന്റേയും കയർ പൊതുമേഖലാസ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണസംഘങ്ങളിലെ വിൽപ്പന ശാലകൾ മുഖാന്തിരവും പ്രധാന നഗരങ്ങളിൽ സംഘടിപ്പിക്കുന്ന മെട്രോഫെയറുകൾ വഴിയും കുടുംബശ്രീ സംവിധാനം മുഖാന്തിരവും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പന ശാലകൾ വഴിയും വിറ്റഴിക്കുന്നതിന് ലക്ഷ്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 10-6-2009-ൽ ബന്ധപ്പെട്ടവർക്ക് നൽകിയ നിർദ്ദേശപ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളിൽ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്.

(സി) കയർ ഉൽപ്പന്നങ്ങളുടെ വ്യാപകമായ പ്രചാരണം നടത്തുന്നതിലൂടെ കൂടുതൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് മാന്യമായ വേതനവും ഉൽപ്പന്നങ്ങൾക്ക് ന്യായവിലയും ലഭ്യമാകുന്നതിന് കയർ മേഖലയിൽ ഏർപ്പെടുത്തിയ ശക്തമായ നടപടികളിലൂടെ കഴിയുന്നതാണ്.

കയർ കടാശ്വാസ പദ്ധതി

42 (4097) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ കയർ കടാശ്വാസ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തൊക്കെയാണ് പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ എന്ന് വെളിപ്പെടുത്താമോ ; പ്രസ്തുത പദ്ധതി പ്രകാരം എത്ര തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനകം എത്ര തൊഴിലാളികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏർപ്പെടുത്തിയിട്ടുണ്ട്. 2009-2010 ധനകാര്യ വർഷം മുതലാണ് കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) കയർ അധിഷ്ഠിത വ്യവസായം/ഉൽപ്പാദനത്തിനുവേണ്ടി വായ്പ എടുത്തിട്ടുള്ള ചെറുകിട ഉൽപ്പാദകർക്കും സംഘങ്ങൾക്കും തൊഴിലാളികൾക്കും കയർ കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതാണ്. പലിശ, പിഴപ്പലിശ എന്നിവ ധനകാര്യ സ്ഥാപനം എഴുതി തള്ളുന്ന അപേക്ഷകളിൽ ചെറുകിട ഉൽപ്പാദകന് 31-3-08-ന് മുൻപ് എടുത്ത വായ്പകളിന്മേൽ കുടിശ്ശിക ഉണ്ടായാൽ പരമാവധി മുതൽ 25,000 രൂപവരെ കടാശ്വാസം അനുവദിക്കുന്നതാണ്. കയർപിരി സഹകരണ സംഘങ്ങൾക്ക് ഒരു തൊഴിലാളിക്ക് 5,000 രൂപ എന്ന നിരക്കിലും പ്രോഡക്ട് മേഖലയിലെ സംഘങ്ങൾക്ക് ഒരു തൊഴിലാളിക്ക് 15,000 രൂപ എന്ന നിരക്കിലുമാണ് സഹകരണ സംഘങ്ങൾക്ക് മാനദണ്ഡങ്ങൾക്കുവിധേയമായി കടാശ്വാസം അനുവദിക്കുന്നത്. കയർ കടാശ്വാസ പദ്ധതി പ്രകാരം മുതൽ തുക മാത്രമേ അനുവദിക്കാറുള്ളൂ. ഈ പദ്ധതി പ്രകാരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കാണ് ധനസഹായം ബന്ധപ്പെട്ട കമ്മിറ്റികൾ ശുപാർശ ചെയ്യുന്നതും അനുവദിക്കുന്നതും. ആയതിനാൽ എത്ര പേർക്ക് ഗുണഫലം ലഭിക്കുമെന്ന് മുൻകൂർ പറയുന്നതിന് പ്രായോഗികമായി കഴിയാത്ത അവസ്ഥയാണ്.

(സി) 2009-2010, 2010-2011 വർഷങ്ങളിലായി 199 ചെറുകിട ഉൽപ്പാദകർക്കും 91 സഹകരണ സംഘങ്ങൾക്കുമായി 218 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് നേരിട്ട് കടാശ്വാസം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly